മന്ത്രിക്കും ഫിലിം ചേമ്പറിനുമൊക്കെ നിവേദനം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിരമായി നടപടിയെടുക്കാൻ പോലീസ് നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, വ്യാജ വീഡിയോ കാസറ്റുകളുടെ നിർമ്മാണം പെരുകുന്നതായി വിവിധ കേന്ദ്രങ്ങളിൽനിന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വ്യാജ വീഡിയോ കാസറ്റുമായി ബന്ധപ്പെട്ട് ചില സംഭവങ്ങൾ ഉണ്ടായിട്ടുള്ളതിനെ സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽനിന്നും നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. വ്യാജ വീഡിയോ കാസറ്റുകൾ പിടിച്ചെടുത്ത് ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനായി ആഭ്യന്തര വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലകളിലെ പ്രസ്തുത സെല്ലിന്റെ പ്രവർത്തനം ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി. യുടെ കീഴിലാണ്. ഈ സെല്ലിലെ ഉദ്യോഗസ്ഥർ റെയ്ഡുകൾ നടത്തുകയും വ്യാജ സിനിമാ കാസറ്റുകൾ പിടിച്ചെടുത്ത് അനന്തര നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഇക്കാര്യത്തെ സംബന്ധിച്ച് പോലീസ് ഡയറക്ടർ ജനറലിന്റെ 14-3-2000-ലെ സർക്കുലർ നം.- 2/2000 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ വീഡിയോ കാസറ്റുകൾ പ്രചരിക്കുന്നതിനെക്കുറിച്ച് സിനിമാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഉത്കണ്ഠയും ഭീതിയും ഉണ്ടെന്നുള്ള ബഹുമാനപ്പെട്ട എം.എൽ.എ. യുടെ അഭിപ്രായത്തോട് എനിക്ക് അത്യന്തം അനുഭാവമുണ്ട്. സിനിമാ വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്ന തെറ്റായ പ്രവണതയ്ക്കെതിരെ ഗവൺമെന്റ് ശക്തമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(7) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അഡ്മിനിസ്ട്രേറ്റീവ് സർക്കിൾ ഓഫീസ് കേരളത്തിൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ആന്റണി രാജു : സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലോക്കൽ ഹെഡ് ഓഫീസ് (അഡ്മിനിസ്ട്രേറ്റീവ് സർക്കിൾ ഓഫീസ്) കേരളത്തിൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. ഇപ്പോൾ കേരളം, തമിഴ്നാട്, പോണ്ടിച്ചേരി ഉൾപ്പെടുന്ന ചെന്നൈ സർക്കിളിന്റെ കീഴിലാണ് കേരളം. കേരളവും രാജസ്ഥാനും ഒഴികെ ഇന്ത്യയിലെ എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലോക്കൽ ഹെഡ് ഓഫീസ് ഉണ്ട്. കേരളത്തിൽ എസ്.ബി.ഐ. യുടെ 226 ബ്രാഞ്ചുകളും ഏഴ് ഫുൾ ഫ്ളെഡ്ജ്ഡ് എക്സറ്റെൻഷൻ കൗണ്ടറുകളും ഉണ്ടായിട്ടും കേരളത്തിൽ മാത്രം ലോക്കൽ ഹെഡ് ആഫീസ് ഇല്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 167 ബ്രാഞ്ചുകളുള്ള കർണ്ണാടകത്തിന് ബാംഗ്ലൂരിൽ ലോക്കൽ ഹെഡ് ആഫീസ് ഉണ്ട്. 85 ബ്രാഞ്ചുകൾ മാത്രമുള്ള ഓറീസയിൽ ഭുവനേശ്വറിൽ ലോക്കൽ ഹെഡ് ഓഫീസ് ഉണ്ട്. 64 ബ്രാഞ്ചുകളുള്ള അഹമ്മദാബാദിൽ ലോക്കൽ ഹെഡ് ഓഫീസ് ഉണ്ട്. 100 ബ്രാഞ്ചുകളുള്ള നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റുകളെ സംയോജിപ്പിച്ചുകൊണ്ട് നോർത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഈസ്റ്റേൺ ലോക്കൽ ഹെഡ് ഓഫീസ് ഉണ്ട്. എന്നാൽ 226 ബ്രാഞ്ചുകളും ഏഴ് എക്സ്റ്റെൻഷൻ കൗണ്ടറുകളുമുള്ള കേരളത്തിൽ ലോക്കൽ ഹെഡ് ഓഫീസ് ഇല്ല. ചെന്നൈ നഗരത്തിന്റെ സാമ്പത്തികനില പരിശോധിച്ചാൽ ഡെപ്പോസിറ്റിന്റെ കാര്യത്തിൽ കേരളം മുന്നിലും അഡ്വാൻസിന്റെ കാര്യത്തിൽ കേരളം ഏറെ പിന്നിലുമാണ്. ചെന്നൈ സർക്കിളിലെ എൻ.ആർ.ഐ. ഡെപ്പോസിറ്റിൽ കേരളത്തിന്റെ വിഹിതം 59.88 ശതമാനവും കേരളത്തിന്റെ മൊത്തം അഡ്വാൻസ് എസ്. ബി. ഐ.-യുടെ 18 ശതമാനവും മാത്രമാണ്. നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ നിർമ്മാണത്തിലും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വളർച്ചയിലും മറ്റ് ബാങ്കുകളെല്ലാം നിർണ്ണായകമായ സഹായം ചെയ്തപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ സഹായിച്ചിട്ടില്ല. അതുകൊണ്ട് കേരളത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തെ സഹായിക്കാൻ ബാദ്ധ്യതയുള്ള നിർണ്ണായകമായ പങ്കു വഹിക്കേണ്ട സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കേരളത്തിന്റെ വികസന പ്രശ്നങ്ങളിൽ കാലതാമസം കൂടാതെ തീരുമാനങ്ങൾ കൈക്കൊള്ളാൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ലോക്കൽ ഹെഡ് ഓഫീസ് കേരള തലസ്ഥാനത്ത് സ്ഥാപിക്കാൻ സമ്മർദ്ദം ചെലുത്തണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ലോക്കൽ ഹെഡ് ആഫീസ് കേരളത്തിൽ തുറക്കണമെന്ന് വളരെ ക്കാലമായി കേന്ദ്ര ധനകാര്യ മന്ത്രിമാരോട് ആവശ്യപ്പെട്ടുവരുന്ന കാര്യമാണ്. ഇതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് ബാങ്ക് അധികൃതരും റിസർവ് ഓഫ് ഇന്ത്യ യുമാണ്. ഇക്കാര്യത്തിൽ ഇതുവരെ അനുകൂലമായ തീരുമാനങ്ങളൊന്നും ലഭിച്ചിട്ടില്ല. പക്ഷെ ഇത് വളരെ ആവശ്യമുള്ള കാര്യമാണ്. വലിയ തുകകൾ ലോൺ കിട്ടണ മെങ്കിൽ ഹെഡ് ഓഫീസിൽ പോകണം. ഹെഡ് ഓഫീസ് ഇവിടെയല്ലാത്തതു കൊണ്ട് വായ്പ വാങ്ങുന്നവർക്ക് പല കാര്യങ്ങളിലും വിഷമം നേരിടുന്നുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ പൂർണ്ണമായും സമ്മർദ്ദം ചെലുത്തുന്നതാണ്.

(8) കശുവണ്ടി തൊഴിലാളികളുടെ 22-3-2000-ത്തിലെ നിയമസഭാ മാർച്ച്

ശ്രീ. ടി. നാണു മാസ്റ്റർ : സർ, ആൾ കേരള കാഷ്യൂനട്ട് ഫാക്ടറി വർക്കേഴ്സ് യൂണിയൻ യു.ടി.എസ്.സി. യുടെ നേതൃത്വത്തിൽ തൊഴിലാളികൾ ഇന്ന് നിയമസഭാ മാർച്ച് നടത്തുകയാണ്. കാപ്പെക്സ് എന്ന സഹകരണ സ്ഥാപനം നടത്തുന്ന 10 കശുവണ്ടി ഫാക്ടറികളുണ്ട്. അക്വിസിഷൻ ആക്ട് പ്രകാരമാണ് ആ ഫാക്ടറികൾ ഏറ്റെടുത്ത് നടത്തുന്നത്. അതിലെ തൊഴിലാളികളുടെ പ്രശ്നവും ഉണ്ട്. എന്നാൽ നാളിതുവരെ ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാത്തതുകൊണ്ട് തൊഴിലാളികളുടെ സർവ്വീസ് അവകാശങ്ങൾ നൽകാൻ സാധിക്കുന്നില്ല. അത് വളരെ കഷ്ടനഷ്ടമായ ഒരു കാര്യമാണ്. ഫാക്ടറി കോമ്പണ്ടിനുള്ളിലുള്ള വൃക്ഷങ്ങളുടെയും മറ്റ് മേലാദായങ്ങളെല്ലാം കാപ്പെക്സ് തന്നെയാണെടുക്കുന്നത്. ഇതിനകംതന്നെ സൂപ്പറാന്യുവേഷൻ മൂലം ധാരാളം തൊഴിലാളികൾ പിരിഞ്ഞു പോകുകയുണ്ടായി. കുറെപ്പേർ മരിച്ചു. അങ്ങനെ പിരിഞ്ഞുപോയിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly